## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1588 08.06.2018- ൽ മറുപടിയ്ക്ക്

## റബ്ബർ വിലസ്ഥിരതാ ഫണ്ട്

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് റബ്ബറിന് പ്രഖ്യാപിച്ചിരുന്ന വിലസ്ഥിരതാ ഫണ്ട് സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ; | (എ) റബ്ബറിന്റെ വില തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സംസ്ഥാന സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുള്ളത്.<br>റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവിലയും ( കിലോയ്ക്ക് 150 രൂപ) റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വില സൂചികയും (Daily Reference Price) തമ്മിലുള്ള വിലവ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകി വരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി 2018-19 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം ഇതുവരെ 125 കോടി രൂപ സബ്സിഡി ഇനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കി |

| | |
|---|---|
| | യിട്ടുണ്ട്. നിലവിൽ 4,53,762 റബ്ബർ കർഷകർ ഈ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ഫണ്ടിൽ നിന്നും കർഷകർക്ക് നാളിതുവരെ എത്ര തുക അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം നാളിതുവരെ 40,08,531 പർച്ചേസ് ബില്ലുകളിലായി 972.57 കോടി രൂപ സബ്സിഡി ഇനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**